(സി) ഇക്കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പതിനെട്ട് തവണ യോഗം ചേർന്നിട്ടുണ്ട്.

(ഡി) എല്ലാ യോഗങ്ങൾക്കുംകൂടി രണ്ടായിരം രൂപ ചെലവായിട്ടുണ്ട്.

എസ്.എ.റ്റി. ആശുപത്രിയിലെ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ

176 (1111) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ അവിടുത്തെ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി രോഗികളിൽ നിന്നും നിർബന്ധിത പിരിവ് നടത്തുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം രോഗികളിൽ നിന്നും പിരിച്ച തുക എന്തെല്ലാം പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു ; കഴിഞ്ഞ അഞ്ചു വർഷത്തെ കണക്ക് വെളിപ്പെടുത്തുമോ ;

(സി) എസ്. എ. ടി. ആശുപത്രിയിലെ പ്രവർത്തനരഹിതമായ ലിഫ്റ്റ് രോഗികൾക്ക് ഉപയോഗപ്രദമാക്കുവാൻ പ്രസ്തുത സൊസൈറ്റി എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ഡി) എസ്.എ.ടി. ആശുപത്രിയിലെ കേടുപാടുകൾ വന്ന ഫർണിച്ചറുകൾ നന്നാക്കി വീണ്ടും ഉപയോഗപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) എസ്.എ.ടി. ആശുപത്രിയിലെ പൊട്ടിപ്പൊളിഞ്ഞ ഡ്രെയിനേജുകൾ നന്നാക്കുന്നതിനും പരിസരങ്ങൾ വൃത്തിയാക്കുന്നതിനും അവിടുത്തെ എഡ്യൂക്കേഷൻ സൊസൈറ്റി എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ?

ഉത്തരം

(എ & ബി) എസ്.എ.ടി. ആശുപത്രിയിലെ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി രോഗികളിൽ നിന്നും നിർബന്ധിത പിരിവ് നടത്തുന്നില്ല. എന്നാൽ സാമ്പത്തിക ശേഷിയുള്ള രോഗികളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുന്നുണ്ട്. ഇത് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്കാണ് പ്രധാനമായും വിനിയോഗിക്കുന്നത്.

(സി) പ്രവർത്തനരഹിതമായി കിടന്നിരുന്ന ലിഫ്റ്റിന്റെ പ്ലാറ്റ്ഫോറം പുതുതായി നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കി ആ ലിഫ്റ്റ് പ്രവർത്തിപ്പിക്കുവാൻ ഒരു ലിഫ്റ്റ് ഓപ്പറേറ്ററുടെ സേവനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ വർക്ക്ഷാപ്പ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ കൊണ്ട് ഫർണിച്ചറുകൾ നന്നാക്കി ഉപയോഗിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ദൈനംദിന ക്ലീനിംഗിന് പുറമേ ആഴ്ചയിലൊരിക്കൽ ആശുപത്രി വാർഡുകളും വരാന്തകളും കഴുകുവാനും പരിസരം വൃത്തിയാക്കുന്നതിനും വേണ്ടി ഒരു സൂപ്പർവൈസറും പതിനഞ്ചിലധികം ആൾക്കാരും ഉൾപ്പെടെ ഒരു ക്ലീനിംഗ് സ്ക്വാഡിനെ സൊസൈറ്റി ഏർപ്പെടുത്തിയിട്ടുണ്ട്.

ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ

177 (1112) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇപ്പോൾ എത്ര ഹോസ്പ്പിറ്റൽ ഡെവലപ്പുമെന്റ് കമ്മിറ്റികൾ ഉണ്ട് ; എന്നു മുതലാണ് ഇവ പ്രവർത്തനം ആരംഭിച്ചത് ;

(ബി) എസ്.എ.റ്റി. ആശുപത്രിക്കും മെഡിക്കൽ കോളേജ് ആശുപത്രിക്കും പ്രത്യേകം ഡവലപ്പ്മെന്റ് സൊസൈറ്റികൾ വേണമെന്ന് നിശ്ചയിച്ചതിന്റെ ഉദ്ദേശം എന്ത് എന്ന് വെളിപ്പെടുത്തുമോ ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സർക്കാർ പുതുതായി നിയമിച്ച ആശുപത്രി വികസന സമിതികളിൽ ഏതെല്ലാം പുനഃസംഘടിപ്പിച്ചിട്ടുണ്ട് ; ഏതെല്ലാം സമിതികൾ ആദ്യയോഗം ചേർന്നിട്ടുണ്ട് ;

(ഡി) ഇതിനോടകം ആദ്യയോഗം പോലും ചേർന്നിട്ടില്ലാത്ത സമിതികളുടെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രണ്ട് ഹോസ്പിറ്റൽ ഡെവലപ്പുമെന്റ് കമ്മിറ്റികൾ ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റി - 12-7-1995-ൽ നിലവിൽ വന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ കീഴിലുള്ള കണ്ണാശുപത്രിയിൽ ഒരു ആശുപത്രി വികസന സമിതി 10-7-2000 മുതൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഓരോ ആശുപത്രിയിൽ നിന്നും ഉണ്ടാകുന്ന വരുമാനം അതാത് ആശുപത്രിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയാണ് ഇത്.

(സി & ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. 8-1-2001-ൽ ആദ്യയോഗം ചേരുകയുണ്ടായി. തിരുവനന്തപുരം കണ്ണാശുപത്രി വികസന സമിതിയുടെ ആദ്യയോഗം 21-7-2000-ൽ കൂടിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly